एचएलएल लाइफ़केयर लिमिटेड
(भारत सरकार का उद्यम)
(पूर्व हिंदुस्तान लैटेक्स लिमिटेड)

HLL Lifecare Limited
(A Government of India Enterprise)
(formerly Hindustan Latex Limited)

പത്രക്കുറിപ്പ്
24.07.2024

# പ്രതീക്ഷ സ്കോളർഷിപ്പ് 2023-24:
# എച്ച്എൽഎൽ അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന എച്ച്എൽ എല്ലിന്റെ പ്രതീക്ഷ ചാരിറ്റബിൾ സൊസൈറ്റി, പ്രഫഷനൽ, സാങ്കേതിക കോഴ്സുകൾക്കു പഠിക്കുന്ന സമർഥരായ വിദ്യാർഥികളിൽ നിന്ന് സ്കോളർഷിപ്പിനായി അപേക്ഷ ക്ഷണിച്ചു. എച്ച്എൽഎല്ലിന്റെ സാമൂഹിക ഉത്തിരവാദിത്വ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള പ്രതീക്ഷ സ്കോളർഷിപ്പ്, ബിപിഎൽ കുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾക്കാണ് നൽകുന്നത്.

കേരളത്തിനുള്ളിൽ മെഡിസിൻ (എം.ബി.ബി.എസ്), എൻജിനീയറിങ്, ഫാർമസി, ഡിപ്ലോമ, നഴ്സിങ്, ഐടിഐ കോഴ്സുകൾക്കു പഠിക്കുന്ന തിരുവനന്തപുരം ജില്ലക്കാരായ വിദ്യാർഥികൾക്കാണ് പ്രതീക്ഷ സ്കോളർഷിപ്പുകൾ നൽകുന്നത്. ഇക്കൊല്ലം 30 കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിക്കും. കഴിഞ്ഞ വർഷം അർഹരായവർക്കു പുറമേയാണിത്. അപേക്ഷാഫോം എച്ച്എൽഎൽ ലൈഫ് കെയർ ലിമിറ്റഡിന്റെ ഓഫിസുകളിൽ നിന്നോ www.lifecarehll.com എന്ന എച്ച്എൽഎൽ വെബ്സൈറ്റിൽ നിന്നോ ലഭിക്കും. സീനിയർ മാനേജർ (എച്ച്ആർ), എച്ച്എൽഎൽ ലൈഫ് കെയർ ലിമിറ്റഡ്, കോർപറേറ്റ് ആൻഡ് രജിസ്ട്രേഡ് ഓഫിസ്, എച്ച്എൽഎൽ ഭവൻ, പൂജപ്പുര, തിരുവനന്തപുരം-695012 എന്ന വിലാസത്തിൽ **2024 ആഗസ്റ്റ് 28** നകം അപേക്ഷകൾ ലഭിക്കണം.

എം.ബി.ബി.എസ് വിദ്യാർഥികൾക്ക് പ്രതിവർഷം 40,000 രൂപ, എം.ബി.ബി.എസ് വിദ്യാർഥികളുടെ അഭാവത്തിൽ ബിഡിഎസ്, ബിഎച്ച്എംഎസ്, ബിഎഎംഎസ് വിദ്യാർഥികൾക്ക് 25000 രൂപയുടെ സ്കോളർഷിപ്പിനായി പരിഗണിക്കും, എൻജിനീയറിങ് വിദ്യാർഥികൾക്ക് 20,000 രൂപ, ഫാർമസി വിദ്യാർഥികൾക്ക് 25000 രൂപ, ഡിപ്ലോമ, നഴ്സിങ് വിദ്യാർഥികൾക്ക് പ്രതിവർഷം 15000 രൂപ എന്നിങ്ങനെയാണ് സ്കോളർഷിപ്പ് തുക. ഐടിഐ വിദ്യാർഥികൾക്ക് 5000 രൂപ ലഭിക്കും. ഓരോ വിഭാഗത്തിലും അഞ്ച് സ്കോളർഷിപ്പു വീതമാണ് നൽകുന്നത്. തുക പഠനകാലം മുഴുവൻ ലഭിക്കും.

പഠനമികവും സാമ്പത്തിക സ്ഥിതിയും അടിസ്ഥാനമാക്കിയാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. **പത്താം ക്ലാസ്, പ്ലസ് ടു സർട്ടിഫിക്കറ്റുകൾക്കൊപ്പം ബന്ധപ്പെട്ട അധികൃതരിൽനിന്നുള്ള വരുമാനം തെളിയിക്കുന്ന ഒറിജിനൽ സർട്ടിഫിക്കറ്റ്, പഠിക്കുന്ന സ്ഥാപനത്തിന്റെ മേലധികാരിയിൽനിന്നുള്ള സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം.** സ്കോളർഷിപ്പ് കാലയളവിൽ വർഷംതോറും പഠനമികവ് തെളിയിക്കുന്ന സർട്ടിഫിക്കറ്റും സമർപ്പിക്കണം.

2014ൽ തുടക്കമിട്ട പ്രതീക്ഷ ചാരിറ്റബിൾ സൊസൈറ്റിയിലൂടെ, തിരുവനന്തപുരത്തെയും കർണാടകയിലെ ബെൽഗാമിലെയും നിർധന കുടുംബങ്ങളിൽ നിന്നു പ്രഫഷനൽ ബിരുദ കോഴ്സുകൾക്കു പഠിക്കുന്ന മിടുക്കരായ 293 കുട്ടികൾക്ക് 1,12,55,000 രൂപയുടെ സാമ്പത്തിക സഹായമാണ് എച്ച്എൽഎൽ ഇതുവരെ അനുവദിച്ചത്. എച്ച്എൽഎൽ ജീവനക്കാരുടെ കൂടി പിന്തുണയോടെ മുന്നോട്ടു പോകുന്നതാണ് പ്രതീക്ഷ ചാരിറ്റബിൾ സൊസൈറ്റി. ഫണ്ട് കണ്ടെത്തുന്നത് ജീവനക്കാരുടെ സംഭാവനകളിൽ നിന്നും കമ്പനിയുടെ സിഎസ്ആർ ഫണ്ടിൽ നിന്നുമാണ്.

| Thiruvananthapuram/Belgaum students | | | | | | |
|---|---|---|---|---|---|---|
| Course | MBBS | Pharmacy | Engineering | Diploma | Nursing | ITI |
| No of students | 5 | 5 | 5 | 5 | 5 | 5 |
| Scholarship Amount per head | 40,000/- | 25,000/- | 20,000/- | 15,000/- | 15,000/- | 5,000/- |
| | 25,000/- (BDS,BHMS,BAMS) | | | | | |